**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊന്നാനി അഴിമുഖത്തിനുകുറുകെയുള്ള കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ, പൊന്നാനി താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിനുകുറുകെയുള്ള കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായിയെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റേയഡ് പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും, ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ DPR തയ്യാറാക്കുവാൻ L&T എന്ന കമ്പനിയെ കൺസൾട്ടൻസിയായി ആർ.ബി.ഡി.സി.കെ. ചുമതലപ്പെടുത്തി. കൺസൾട്ടൻസി തയ്യാറാക്കിയ DPR ആർ.ബി.ഡി.സി.കെ. പരിശോധിച്ചതിന് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, KIIFB പദ്ധതി നിർവ്വഹണത്തിനായി 280.09 കോടി രൂപ അനുവദിക്കുകയും ചെയ്തു.<br><br>ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 08.11.2022-ൽ പ്രസിദ്ധീകരിച്ചു. നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന്റെ ഭാഗമായുള്ള സർവെ, building valuation എന്നിവ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തീരപ്രദേശത്ത് കൂടി കടന്നുപോകുന്നതിനാൽ പദ്ധതിക്ക് CRZ ക്ലിയറൻസ് അനിവാര്യമാണ്. ആയതിനാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കുകയും, കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്ന് CRZ ക്ലിയറൻസ് 17.09.2022-ൽ ലഭിക്കുകയും ചെയ്തിട്ടുമുണ്ട്.<br><br>തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കു വേണ്ടി സർക്കാർ പുറത്തിറക്കിയ സ്പെഷ്യൽ പാക്കേജ് ഈ പദ്ധതിയ്ക്കും ബാധകമാക്കാം എന്ന് കിഫ്ബി 25.04.2023-ൽ കത്ത് മുഖാന്തിരം അറിയിച്ചിരുന്നു. എന്നാൽ ആയത് ഈ പദ്ധതിയ്ക്ക് ബാധകമാകുന്നതിന് പ്രത്യേകം സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് എൽ.എ വിഭാഗം ആവശ്യപ്പെട്ടതിനെ തുടർന്ന് |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് 30.05.2023-ൽ ആർ.ബി.ഡി.സി.കെ അപേക്ഷ സമർപ്പിച്ചു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഈ പദ്ധതിക്കും മേൽ പറഞ്ഞ സ്പെഷ്യൽ പാക്കേജ് അനുവദിക്കാമെന്ന് നിർദ്ദേശത്തിൻമേൽ മലപ്പുറം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയി ലാണ് .ഇതിൽ തീരുമാനമായി ഭൂമി ഏറ്റെടുക്കൽ നടപടിക്ക് വേണ്ട 19(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ